**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2568** **12-10-2021 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ മണ്ഡലത്തിലെ കെ.എസ്.ഇ.ബി പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി. നടപ്പാക്കിയ പദ്ധതികളുടെ പേരും തുകയും പ്രവർത്തന പുരോഗതിയും വിശദമാക്കാമോ; | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ അഞ്ച് വർഷം കെ.എസ്.ഇ.ബി. നടപ്പാക്കിയ പദ്ധതികളുടെ പേരും തുകയും പ്രവർത്തന പുരോഗതിയും ചുവടെ ചേർക്കുന്നു. 1. പുന്നപ്ര 220 കെ.വി സബ്സ്റ്റേഷന്റെ ശേഷി 200 MVA യിൽ നിന്നും ഒരു 200 MVA ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ചു 400 MVA ആയി ഉയർത്തി. ടി പ്രവൃത്തി 2018-19 കാലയളവിൽ പൂർത്തിയാക്കി. ഇതിനു 3.37 കോടി രൂപ ചെലവായി. 2. 1.79 കോടി രൂപ ചെലവഴിച്ച് പുന്നപ്ര-കളർകോട് 33 കെ.വി ലൈൻ വലിച്ച് 3.6 കോടി രൂപ ചെലവിൽ കളർകോട് 33 കെവി സബ്സ്റ്റേഷൻ 30.11.2019 -ൽ സ്ഥാപിച്ചു. അമ്പലപ്പുഴ നിയോജക മണ്ഡലത്തിന്റെ പരിധിയിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിൽ ഉൾപ്പെടുത്തി 21.8/- ലക്ഷം രൂപയുടെ പ്രവൃത്തികളും, ഡി.ഡി.യു.ജി.ജെ.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 356 ലക്ഷം രൂപയുടെ പ്രവൃത്തികളും, ഐ.പി.ഡി.എസ് പദ്ധതിയിൽ ഉൾപ്പെടുത്തി 205 ലക്ഷം രൂപയുടെ പ്രവൃത്തികളും പൂർത്തീകരിച്ചിട്ടുണ്ട്. ദ്യുതി പദ്ധതി പ്രകാരം 667 ലക്ഷം രൂപയുടെ പ്രവൃത്തികൾ ലക്ഷ്യമിട്ടതിൽ 233 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഇതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിൽ പുതുതായി നിർമ്മിക്കാനുദ്ദേശിക്കുന്ന സബ് സ്റ്റേഷനുകളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെ; ഇവയുടെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കാമോ? | (ബി) | പുന്നപ്ര 220 കെ.വി സബ്സ്റ്റേഷന്റെ 11 കെ.വി ശേഷി 20 MVA യിൽ നിന്നും ഒരു 110/11 കെ.വി 20MVA ട്രാൻസ്ഫോർമർ കൂടി സ്ഥാപിച്ചു 40MVA ആയി ഉയർത്തുന്ന പ്രവൃത്തിക്കുള്ള 60 കോടി രൂപ ബോർഡിന്റെ 2021-22 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ഭരണാനുമതി ലഭ്യമായതിനു ശേഷം തുടർനടപടികൾ കൈക്കൊള്ളു ന്നതാണ്. |

സെക്ഷൻ ഓഫീസർ